بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

إِذَا جَآءَ نَصْرُ ٱللَّهِ وَٱلْفَتْحُ ﴿١﴾ وَرَأَيْتَ ٱلنَّاسَ يَدْخُلُونَ فِى دِينِ ٱللَّهِ أَفْوَاجًا ﴿٢﴾ فَسَبِّحْ بِحَمْدِ رَبِّكَ وَٱسْتَغْفِرْهُ إِنَّهُۥ كَانَ تَوَّابًۢا ﴿٣﴾

1,–3.അല്ലാഹുവിൻെറ സഹായവും വിജയവും വന്നുകിട്ടുകയും, ജനങ്ങൾ അല്ലാഹുവിൻെറ മതത്തിൽ കൂട്ടംകൂട്ടമായി പ്രവേശിക്കുന്നത് നീ കാണുകയും ചെയ്താൽ നിൻെറ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം നീ അവനെ പ്രകീർത്തിക്കുകയും, നീ അവനോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അവൻ പശ്ചാത്താപം സ്വീകരിക്കുന്നവനാകുന്നു.

سُورَةُ المَسَد

## അൽമസദ്
(ഈത്തപ്പനനാര്)

അദ്ധ്യായം - 111

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

تَبَّتْ يَدَآ أَبِى لَهَبٍ وَتَبَّ ﴿١﴾

1. അബൂലഹബിൻെറ ഇരുകൈകളും നശിച്ചിരിക്കുന്നു. അവൻ നാശമടയുകയും ചെയ്തിരിക്കുന്നു.[1]

مَآ أَغْنَىٰ عَنْهُ مَالُهُۥ وَمَا كَسَبَ ﴿٢﴾

2. അവൻെറ ധനമോ അവൻ സമ്പാദിച്ചുവെച്ചതോ അവന്നു ഉപകാരപ്പെട്ടില്ല.

سَيَصْلَىٰ نَارًا ذَاتَ لَهَبٍ ﴿٣﴾

3. തീജ്വാലകളുള്ള നരകാഗ്നിയിൽ അവൻ പ്രവേശിക്കുന്നതാണ്.

وَٱمْرَأَتُهُۥ حَمَّالَةَ ٱلْحَطَبِ ﴿٤﴾

4. വിറകു ചുമട്ടുകാരിയായ അവൻെറ ഭാര്യയും.

فِى جِيدِهَا حَبْلٌ مِّن مَّسَدٍۭ ﴿٥﴾

5. അവളുടെ കഴുത്തിൽ ഈത്തപ്പനനാരു കൊണ്ടുള്ള ഒരു കയറുണ്ടായി

[1] നബി(ﷺ)യുടെ പിതൃവ്യനായിരുന്നു അബൂലഹബ് എന്ന പേരിൽ പിൽക്കാലത്ത് അറിയപ്പെട്ട അബ്ദുൽ ഉസ്സാ. നബി(ﷺ)യുടെ പ്രബോധനത്തോട് കടുത്ത എതിർപ്പ് പുലർത്തുകയും, നബി(ﷺ)ക്കെതിരിൽ ദുഷ്പ്രചരണം നടത്തുകയും ചെയ്തുപോന്നതിനാൽ അയാൾ അല്ലാഹുവിൻെറ ശാപകോപങ്ങൾക്ക് പാത്രമാവുകയാണുണ്ടായത്.